# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/82/2018 2018 ഏപ്രിൽ 24

## പത്രക്കുറിപ്പ്

## പാരമ്പര്യകൃഷി ശാസ്ത്രാധിഷ്ഠിതമായി പരിഷ്ക്കരിക്കണം: മന്ത്രി എം. എം. മണി

### ആഗോള ജൈവസംഗമത്തിന് കൊടിയിറങ്ങി

പാരമ്പര്യ കൃഷിരീതികൾ ശാസ്ത്രാധിഷ്ഠിതമായി പരിഷ്ക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മന്ത്രി എം. എം. മണി പ്രസ്താവിച്ചു. മഹാത്മാഗാന്ധി സർവകലാശാല കോട്ടയം സി.എം. എസ് കോളേജിൽ സംഘടിപ്പിച്ച ചതുർദിന ആഗോള ജൈവസംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ജൈവകൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല ഏറ്റെടുത്ത ജൈവ സാക്ഷരതാ യജ്ഞം അനുകരണീയമാണെന്നും രാജ്യത്തിന് മാതൃകയാകും: വളർന്നു വരുന്ന രോഗാതുരത ആപൽക്കരമായ സൂചനകളാണ് നൽകുന്നത്. ഭക്ഷണം, ജലം, വായു എന്നിവയിൽ ഉണ്ടായിട്ടുള്ള വിഷാംശങ്ങളുടെ വർദ്ധനവും മാലിന്യാധിക്യവും മൂലമാണ് ഇത്. ആധുനിക ശാസ്ത്രബന്ധിതമായ ജൈവകൃഷിയാണ് രാജ്യത്തിന് ഇന്ന് അനിവാര്യം - മന്ത്രി തുടർന്നു.

മഹാത്മാഗാന്ധി സർവകലാശാല സമസ്ത മേഖലകളിലും മുന്നേറ്റത്തിന്റെ പാതയിലൊണെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ചടങ്ങിൽ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്വാഗതം ആശംസിച്ചു. സി.എസ്.ഐ മോഡറേറ്ററും മധ്യകേരള മഹാഇടവക ബിഷപ്പുമായ റവ. ഡോ. തോമസ് കെ. ഉമ്മൻ മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗവും ജൈവം പദ്ധതി ചെയർമാനുമായ അഡ്വ. പി. കെ. ഹരികുമാർ ആഗോള ജൈവസംഗമ പ്രഖ്യാപനം അവതരിപ്പിച്ചു. ജോസ് കെ. മാണി എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ എന്നിവർ ജൈവം പദ്ധതിയുമായി സഹകരിച്ച വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. സംഗമത്തോടനുബന്ധിച്ച് നടത്തിയ ചിത്രരചനാ ക്യാമ്പിൽ വരച്ച ചിത്രങ്ങളുടെ പ്രകാശനം എസ്.ബി.ഐ ചീഫ് ജനറൽ മാനേജർ എസ്. വെങ്കിട്ടരാമൻ നിർവ്വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. പി.കെ. പദ്മകുമാർ, കോളേജ് പ്രിൻസിപ്പൾ ഡോ. റോയ് സാം ഡാനിയൽ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

മഹാത്മാഗാന്ധി സർവകലാശാല കോട്ടയം സി.എം.എസ് കോളേജിൽ സംഘടിപ്പിച്ച ചതുർദിന ആഗോള ജൈവസംഗമത്തിന് കൊടിയിറങ്ങി. പതിനായിരത്തിൽപരം സന്ദർശകരെ ആകർഷിച്ച ഭക്ഷ്യ-കാർഷിക പ്രദർശനവും മുന്നൂറോളം അക്കാദമിക ഗവേഷക പ്രവർത്തകർ പങ്കെടുത്ത അന്താരാഷ്ട്ര സെമിനാറും, വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എഴുന്നൂറിൽപരം പരമ്പരാഗത കർഷകർ പങ്കെടുത്ത ദേശീയ കർഷക സംഗമവും, പ്രഗൽഭ ചിത്രകാരന്മാർ പങ്കെടുത്ത ചിത്രരചന ക്യാമ്പും, പരിസ്ഥിതി കാർഷിക ചലച്ചിത്ര മേളയും സംഗമത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ചു. ജൈവ സംഗമത്തിന്റെ ഭാഗമായി അവതരിപ്പിച്ച ആഗോള ജൈവസംഗമ പ്രഖ്യാപനത്തിൽ പ്രകൃതിക്കും ആവാസ വ്യവസ്ഥയ്ക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തിൽ അഗാധമായ ആശങ്ക പ്രകടിപ്പിക്കുകയും, ജൈവജീവന രീതികളുടെ ബോധവൽക്കരണത്തിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

### അന്താരാഷ്ട്ര സെമിനാർ സമാപനം

ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി നടന്ന അന്താരാഷ്ട്ര സെമിനാറിന്റെ സമാപന സമ്മേളനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ സാബു തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ. പി. തോമസ് മാത്യു, പ്രൊഫ. എ. പി. തോമസ്, സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, സെമിനാർ ഡയറക്ടർ പ്രൊഫ. ബി. പ്രകാശ്കുമാർ, എന്നിവർ സംസാരിച്ചു.

ജൈവസുസ്ഥിര കൃഷിയിലെ ആധുനിക പ്രവണതകൾ എന്ന വിഷയത്തിൽ നടന്ന അന്താരാഷ്ട്ര

സെമിനാറിൽ 7 എറുഡൈറ്റ് വിജ്ഞപ്തി പ്രഭാഷണങ്ങളും, 91 ശാസ്ത്ര പ്രബന്ധങ്ങളും, 102 കർഷക പ്രഭാഷണങ്ങളും അവതരിപ്പിച്ചു. മികച്ച സെമിനാർ പ്രബന്ധം, ജൈവം പദ്ധതിക്ക് മികച്ച സംഭാവന കൾ നൽകിയ എൻ.എസ്.എസ് യൂണിറ്റുകൾ, പ്രോഗ്രാം ഓഫീസർമാർ, കണ്ണൂർ സർവ്വകലാശാല പ്രോഗ്രാം കോ-ഓർഡിനേറ്റർ പത്മനാഭൻ കാവുമ്പായി, മികച്ച കാർഷിക ഫോട്ടോഗ്രഫി മത്സര വിജയി എന്നിവർക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടയം, സി.എം.എസ്. കോളേജ് ദ്വിശദാബ്ദി ആഘോഷ സമിതി എന്നി വയുടെ സഹകരണത്തോടെ, മഹാത്മാഗാന്ധി സർവകലാശാലയിലെ അന്തർ സർവകലാശാല സുസ്ഥിര ജൈവ കൃഷി പഠന കേന്ദ്രമാണ് ആഗോള ജൈവ സംഗമം സംഘടിപ്പിച്ചത്.

<u>അടിക്കുറിപ്പ്:</u>

1. ആഗോള ജൈവ സംഗമത്തിന്റെ സമാപന സമ്മേളനം വൈദ്യുതി മന്ത്രി എം. എം. മണി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**